ജില്ലാ പഞ്ചായത്ത് ഭരണം പിടിക്കാനും നിലനിർത്താനും പോരാട്ടം കനക്കും

കാസർകോട്: ഇത്തവണ ജില്ലാ പഞ്ചായത്ത് ഭരണം പിടിക്കാൻ നടക്കുന്നത് കടുത്ത പോരാട്ടമായിരിക്കും. ഭരണം നിലനിർത്താൻ യു ഡി എഫും, കഴിഞ്ഞ തവണ നഷ്ടപ്പെട്ട ഭരണം തിരിച്ചുപിടിക്കാൻ എൽ ഡി എഫും കിണഞ്ഞ് ശ്രമിക്കുമ്പോൾ ശക്തിതെളിയിക്കാനുള്ള പോരാട്ടത്തിലാണ് ബി ജെ പി.

ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നശേഷം ഏറ്റവും കൂടുതൽ കാലം ജില്ലാ പഞ്ചായത്ത് ഭരിച്ച എൽ ഡി എഫിന് ഇത്തവണ യു ഡി എഫിൽ നിന്ന് ഭരണം തിരിച്ചുപിടിക്കേണ്ടത് അഭിമാന പ്രശ്നമാണ്. ലോകസഭാ തിരഞ്ഞെടുപ്പിലുണ്ടായ അപ്രതീക്ഷിത തിരിച്ചടിയുടെ ക്ഷീണം തീർക്കണമെങ്കിൽ എൽ ഡി എഫിന് ജില്ലാ പഞ്ചായത്ത് ഭരണം പിടിച്ചേ മതിയാകൂ.

കഴിഞ്ഞ തവണ എൽ ഡി എഫിന്റെ പുത്തിഗെ സീറ്റും എടനീർ സീറ്റും പിടിച്ച് രണ്ടു സീറ്റുമായാണ് ജില്ലാ പഞ്ചായത്തിൽ ബി ജെ പി ഇരിപ്പുറപ്പിച്ചത്. ഇവ നിലനിർത്തുകയും കൂടുതൽ സീറ്റുകൾ പിടിച്ചെടുക്കുകയുമാണ് ബി ജെ പിയുടെ ലക്ഷ്യം. പതിനേഴാം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയിൽ യു ഡി എഫിന് എട്ടും, എൽ ഡി എഫിന് ഏഴും, ബി ജെ പിക്ക് രണ്ടും അംഗങ്ങളാണുള്ളത്. യു ഡി എഫിലെ മുസ്ലീംലീഗിനും കോൺഗ്രസിനും നാലു വീതം സീറ്റുകളാണ് ലഭിച്ചത്. ഇതേ തുടർന്ന് പ്രസിഡന്റ് സ്ഥാനം പങ്കുവെക്കാനും തീരുമാനിച്ചിരുന്നു. ആദ്യത്തെ രണ്ടര വർഷം മുസ്ലീം ലീഗിനും പിന്നീട് കോൺഗ്രസിനും നൽകാനാണ് മുന്നണി തീരുമാനിച്ചത്. എന്നാൽ പ്രസിഡന്റ് രാജി വെക്കണമെന്ന തിനെച്ചൊല്ലി കോൺഗ്രസിലുണ്ടായ ഭിന്നത തീരാത്തത് കാരണം അഞ്ചുവർഷവും മുസ്ലീംലീഗ് പ്രതിനിധി തന്നെ പ്രസിഡന്റ് സ്ഥാനത്ത് തുടർന്നു. തങ്ങൾക്ക് അവകാശപ്പെട്ട പ്രസിഡന്റ് സ്ഥാനം ചോദിച്ച് വാങ്ങാനോ, ഏകകണ്ഠമായി ഒരു പ്രസിഡന്റിനെ തിരഞ്ഞെടുക്കാനോ കഴിയാത്ത നിസ്സഹായവസ്ഥയാണ് ഡി സി സി നേതൃത്വത്തിനുണ്ടായത്. 2015ൽ ഡിവിഷൻ വിഭജനത്തിൽ സി പി എമ്മിന് അടിതെറ്റിയതാണ് ജില്ലാ പഞ്ചായത്ത് എൽ ഡി എഫിന് നഷ്ടപ്പെടാൻ കാരണമെന്ന് സി പി എം വിലയിരുത്തിയിരുന്നു. കുറഞ്ഞവോട്ടുകൾക്ക് കഴിഞ്ഞ തവണ തോറ്റ പുത്തിഗെ, ചെങ്കള, പിലിക്കോട്, ചിറ്റാരിക്കാൽ എന്നീ ഡിവിഷനുകളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാനാണ് എൽ ഡി എഫ് തീരുമാനം. അതേ സമയം കഴിഞ്ഞ തവണ നഷ്ടപ്പെട്ട കള്ളാർ തിരിച്ചുപിടിച്ച് കൂടുതൽ കരുത്തോടെ ഭക്ഷണം നിലനിർത്താൻ കഴിയുമെന്ന ഉറച്ചവിശ്വാസത്തിലാണ് യു ഡി എഫ്.

രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം മഞ്ചേശ്വരത്തും കാസർകോട്ടും ചേർന്നു

മഞ്ചേശ്വരം: മഞ്ചേശ്വരം ബ്ലോക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി മഞ്ചേശ്വരം ബ്ലോക്കിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു. ബ്ലോക്ക് വരണാധികാരിയായ എഡിസി ജനറൽ ബെവിൻ ജോൺ വർഗീസിന്റെ അധ്യക്ഷതയിൽ നടന്നു.

കെ ജയരാമ, അശോക ഭണ്ഡാരി, ഹമീദ് ഹൊസങ്കടി, ഇദ്രിസ്, വിജയ് കെ റായ്, കെ എം അഷ്റഫ്, എൻ അബ്ദുൽ ഹനീഫ്, കെ പി മുനീർ, അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ ബിഡിഒ എൻ സുരേന്ദ്രൻ, പഞ്ചായത്തല വരണാധികാരികൾ തുടങ്ങിയവർ സംബന്ധിച്ചു.

കാസർകോട്: കാസർകോട് ബ്ലോക്ക് പഞ്ചായത്ത് യോഗം വരണാധികാരി ആർ ഡിഒ വി ജെ ശംസുദ്ദീൻ ആധ്യക്ഷം വഹിച്ചു. കെ ഖാലിദ്, ബി മൂസ, ബഷീർ ആലടി, ബിഡിഒ എസ് അനുപം, ശുചിത്വമിഷൻ കോഡിനേറ്റർ എ ലക്ഷ്മി സംബന്ധിച്ചു. ആരാധനാസ്ഥലങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവ തെരഞ്ഞെടുപ്പ് പ്രചരണത്തിനുള്ള വേദിയായി ഉപയോഗിക്കാൻ പാടില്ലെന്നും ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ, ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, നിലവിലുള്ള ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ, പരസ്പരം വിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും ഏർപ്പെടുവാൻ പാടില്ലെന്നും യോഗത്തിൽ അറിയിച്ചു.

നഗര ഭരണാധികാരികൾക്ക് സ്നേഹാദരവ് ഒരുക്കി കാർഷിക കർമ്മ സേന

കാഞ്ഞങ്ങാട്. കഴിഞ്ഞ അഞ്ചു വർഷക്കാലം കാഞ്ഞങ്ങാട് നഗരസഭയിൽ കാർഷികമേഖലയിൽ കൃത്യമായ ഇടപെടലുകൾ നടത്തി കാഞ്ഞങ്ങാടിനെ തരിശുരഹിത നഗരസഭയിലേക്ക് കൈപിടിച്ചുയർത്തിയ നഗര ഭരണാധികാരികൾക്ക് കാഞ്ഞങ്ങാട് നഗരസഭ കൃഷിഭവൻ കാർഷിക കർമ്മ സേന സ്നേഹാദരവ് നൽകി. കൃഷിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കൃത്യമായി അർഹരായ ആളുകൾക്ക് എത്തിച്ചു നൽകുന്നതിന് സംസ്ഥാന തലത്തിലുള്ള വിവിധ പദ്ധതികൾ കാഞ്ഞങ്ങാട് വെച്ച് തുടക്കം കുറിക്കുന്നതിനും വിത്ത്, വളം, തൊഴിലുപകരണങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നതിനും കൃത്യമായ ഇടപെടലുകളാണ് കഴിഞ്ഞ അഞ്ചു വർഷക്കാലം നഗരസഭ ഭരണാധികാരികൾ നടത്തിയത്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നഗരസഭാ ചെയർമാൻ വി വി രമേശൻ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എൻ ഉണ്ണികൃഷ്ണൻ, കൃഷിവിഭാഗം കൺവീനർ സന്തോഷ് കുശാൽനഗർ, എന്നിവർക്കാണ് സ്നേഹാദരവ് നൽകിയത്.കൃഷി ഓഫീസർ കെ ശ്രീജ ഉപഹാരം നൽകി. വൈസ് പ്രസിഡന്റ് നാസർ ആറങ്ങാടി ആധ്യക്ഷം വഹിച്ചു. കർമ്മ സേന സെക്രട്ടറി അനീഷ് കോവ്വൽ സ്റ്റോർ, കെ. സുശാന്ത്, പി ബാലകൃഷ്ണൻ,രാജ്മോഹൻ, മനോജ് ആലയി, ബാബു മടിക്കൈ, എന്നിവർ സംസാരിച്ചു.

കാഞ്ഞങ്ങാട് നഗരസഭാധികാരികളെ കാർഷിക കർമ്മസേന ആദരിക്കുന്നു

ആദരിച്ചു

കാസർകോട്: കോവിഡ് കാലത്ത് മയ്യിത്ത് പരിപാലന രംഗത്ത് സ്തുത്യർഹമായ സേവനം നടത്തുന്ന വിഖായ പ്രവർത്തകൻ കബീർ ചേരൂരിന് ഇബാദ് തുപ്പക്കൽ ചാരിറ്റബിൾ ട്രസ്റ്റ് സംഘടിപ്പിച്ച ഇഷ്ഖേ മജ്ലിസിൽ വെച്ച് ഉപഹാരവും പൊന്നാടയും സമർപ്പിച്ചു.

കോവിഡ് പോസറ്റീവായി മരിച്ച നിരവധിപേരുടെ മൃതദേഹമാണ് കബീറിന്റെ നേതൃത്വത്തിൽ മറവ് ചെയ്തത്. സൗദി അറേബിയയിലെ മക്കയിൽ ജോലി ചെയ്യുന്ന അദ്ദേഹം സൗദിയിൽ വാഹനാപകടത്തിലും മറ്റും മരിക്കുന്ന ആയിരക്കണക്കിന് പേരുടെ മൃതദേഹം മറവുചെയ്തതിന് സൗദി ഗവൺമെന്റിന്റെ പല പുരസ്ക്കാരങ്ങളും ലഭിച്ചിരുന്നു. കോവിഡിന്റെ ആദ്യഘട്ടത്തിൽ സൗദിയിൽ നിന്നും ലീവിൽ വന്ന അദ്ദേഹം കാസർകോട് ജില്ലാ വിഖായ ടീമിൽ കോവിഡ് ബധിച്ച് മരിച്ചവരുടെ മൃതദേഹം സംസ്കരിക്കുന്നതിന് നേതൃത്വം നൽകി. ഹസൻ ഹുദവി ഖാസിലൈൻ ഉപഹാരം നൽകി സലാം ഹുദവി പൊന്നാട അണിയിച്ചു.

ഓട്ടോ സ്റ്റാന്റിൽ സാമൂഹ്യ വിരുദ്ധരുടെ വിളയാട്ടം

തൃക്കരിപ്പൂർ: തൃക്കരിപ്പൂർ ടൗണിൽ നെഹ്റു സ്തൂപത്തിന് സമീപത്തെ ഓട്ടോ സ്റ്റാന്റിൽ സാമൂഹ്യവിരുദ്ധരുടെ വിളയാട്ടം.

രാത്രിയുടെ മറവിൽ കക്കൂസ് മാലിന്യമടക്കം നിക്ഷേപിക്കുന്നതാണ് പതിവായത്.

കഴിഞ്ഞയാഴ്ച തുടർച്ചയായി നാലുദിവസം ഇത് തുടരുകയായിരുന്നു. ഇതു സംബന്ധിച്ച് സംയുക്ത ഓട്ടോ തൊഴിലാളി യൂണിയൻ കോഡിനേഷൻ കമ്മറ്റി ചന്തേര പൊലീസിൽ പരാതി നൽകിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാണ് ആവശ്യം.

അതിർത്തി പഞ്ചായത്തുകളിൽ അന്തർ സംസ്ഥാന ബസ്സോട്ടം പുനരാരംഭിക്കണം

പെർള: അതിർത്തി പഞ്ചായത്തുകളിൽ കോവിഡ് വ്യാപനം കുറഞ്ഞതോടെ അന്തർ സംസ്ഥാന ബസ്സോട്ടം പുനരാരംഭിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. അന്തർ സംസ്ഥാന കെ എസ് ആർ ടി സി സ്വകാര്യ ബസുകൾ ഇല്ലാത്തത് മൂലം അതിർത്തി പ്രദേശങ്ങളിലെ യാത്രക്കാർ ദുരിതം പേറുകയാണ്. കാസർകോട് നിന്നും മുള്ളേരിയ വഴി അഞ്ചും പെർള വഴി ആറും കേരള ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസുകൾ നേരത്തെ സർവ്വീസ് നടത്തിയിരുന്നതാണ്. ഇത്ര തന്നെ കർണ്ണാടക ട്രാൻസ്പോർട്ട് ബസ്സുകൾ തിരിച്ചും വന്നിരുന്നു. ഇതിന് പുറമെ ചില സ്വകാര്യ ബസുകൾ പുത്തൂർ, വിട്ള, സുള്ള്യ ഭാഗങ്ങളിലേക്കും സർവ്വീസ് നടത്തിയിരുന്നു.

എന്നാൽ കോവിഡ് വ്യാപനം വന്നതോടെയാണ് ബസ് സർവ്വീസുകൾ നിലച്ചത്. ഇതോടെ ജനങ്ങളുടെ യാത്രാ ദുരിതവും ഏറി. അതിർത്തി പ്രദേശങ്ങളായ എൻമകജെ, സാറടുക്ക, ദേലമ്പാടി, മുള്ളേരിയ, തലപ്പാടി ഭാഗത്തുള്ളവർക്ക് നിരവധി ആവശ്യങ്ങൾക്കായി കർണ്ണാടകയിലേക്ക് പോകേണ്ടതുണ്ട്.

ബസ് സർവ്വീസില്ലാത്തതിനാൽ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. അതിനാൽ യാത്രാ ദുരിതം ഒഴിവാക്കാൻ ഉടൻ ബസ് സർവ്വീസ് ആരംഭിക്കണമെന്നാണ് ആവശ്യം.

യു ടി ഇ എഫ് കാഞ്ഞങ്ങാട്ടു നടത്തിയ നിലപാടറിയിക്കൽ സമരം

നിലപാടറിയിക്കൽ സമരം നടത്തി

കാഞ്ഞങ്ങാട്: യുണൈറ്റഡ് ടീച്ചേഴ്സ് ആന്റ് എംപ്ലോയീസ് ഫെഡറേഷൻ (യു.ടി.ഇ.എഫ്) നിലപാടറിയിക്കൽ സമരം നടത്തി.കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെയും ജീവനക്കാരോടുള്ള സംസ്ഥാന ഗവൺമെന്റിന്റെ നിഷേധാത്മക നിലപാടുകൾക്കെതിരെയുമാണ് സമരം നടത്തിയത്. ഹൊസ്ദുർഗ് മിനി സിവിൽ സ്റ്റേഷനിൽ നടന്ന പരിപാടി എസ്.ഇ.യു.സംസ്ഥാന വൈസ് പ്രസിഡണ്ട് നാസർ നങ്ങാരത്ത് ഉദ്ഘാടനം ചെയ്തു. സെറ്റോ ഹൊസ്ദുർഗ് താലൂക്ക് ചെയർമാൻ വി.എം.രാജേഷ് ആധ്യക്ഷം വഹിച്ചു. കെ.സന്തോഷ് സ്വാഗതവും ഗംഗാധരൻ മൂവാരിക്കുണ്ട് നന്ദിയും പറഞ്ഞു.

കോവിഡ് പരിശോധനയ്ക്ക് മൊബൈൽ സ്വാബ് കളക്ഷൻ യൂണിറ്റുകൾ

കാസർകോട്:കോവിഡ് പരിശോധന നടത്തുന്നതിന് ജില്ലയിൽ പലരും വിമുഖത കാണിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടതിനാൽ ജില്ലാ മെഡിക്കൽ ഓഫീസർ സജ്ജീകരിച്ച മൊബൈൽ സ്വാബ് കളക്ഷൻ യൂണിറ്റുകളെ ഉപയോഗിച്ച് കാസർകോട്, കാഞ്ഞങ്ങാട് ബസ് സ്റ്റാന്റുകളിൽ സൗജന്യ ആന്റിജൻ പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു അറിയിച്ചു. ഈ രണ്ട് സ്ഥലത്തേക്കും ആവശ്യമായ പൊലീസ്, റവന്യൂ, നഗരസഭാ ജീവനക്കാരെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കും.

കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നടന്ന കോറോണ കോർ കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ

ജവഹർലാൽ നെഹ്റുവിന്റെ 131-ാം ജന്മദിനം ഡി സി സി ഓഫീസിൽ കെ പി സി സി സെക്രട്ടറി ജി രതികുമാർ ഉദ്ഘാടനം ചെയ്യുന്നു

കുമ്പള പൊലീസ് സ്റ്റേഷനിലെ മദ്യശേഖരം നശിപ്പിക്കാൻ ഉത്തരവ്

കാസർകോട്: കുമ്പള പൊലീസ് സ്റ്റേഷനിൽ സൂക്ഷിച്ച മദ്യശേഖരം നശിപ്പിക്കാൻ തഹസിൽദാർ ഉത്തരവിട്ടു. കുമ്പള സ്റ്റേഷനിലെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന 6500 വോളം മദ്യക്കുപ്പികൾ നശിപ്പിക്കാനാണ് മഞ്ചേശ്വരം തഹസിൽദാർ പി ജെ ആന്റോ നിർദ്ദേശം നൽകിയത്. നശിപ്പിക്കുന്നതിന് മുന്നോടിയായി പൊലീസ് കോടതിയിൽ റിപ്പോർട്ട് നൽകേണ്ടതുണ്ട്. മജിസ്ട്രേട്ടിന്റെ അനുമതി ലഭിച്ചാലുടൻ നടപടി സ്വീകരിക്കാം. കുമ്പള പൊലീസ് സ്റ്റേഷന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പിടികൂടിയ മദ്യമാണ് ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്നത്.

സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റിന് വിജയ തിളക്കം

കാഞ്ഞങ്ങാട്: കാലിച്ചാനടുക്കം ഗവൺമെന്റ് ഹൈസ്ക്കൂൾ സ്കൗട്ട് ആന്റ് ഗൈഡ് യൂണിറ്റിന് വിജയ തിളക്കം. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആന്റ് ഗൈഡ് അസോസിയേഷൻ സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ സംസ്ഥാന തല ക്വിസ്സ് മത്സരത്തിൽ കാലിച്ചാനടുക്കം ഗവൺമെന്റ് ഹൈസ്ക്കൂളിലെ ജഗന്നാഥ് പി വി രണ്ടാം സ്ഥാനവും സത്യജിത് എം പി മൂന്നാം സ്ഥാനവും നേടി സ്കൂളിന് അഭിമാനമായി. ഉപജില്ല, വിദ്യാഭ്യാസ ജില്ല തലത്തിലും 9 വിദ്യാഭ്യാസ ജില്ലകൾ പങ്കെടുത്ത റിജിയൺ ലെവൽ ക്വിസ്സിലും ഇവർ ഒന്നും രണ്ടും സ്ഥാനം നേടിയിരുന്നു.

റിജിയൺ ലെവൽ മത്സരം വരെ ഗൈഡ് വിഭാഗത്തിൽ അളകനന്ദ ഡി എസ് പങ്കെടുത്തിരുന്നു.

അളകനന്ദ ഡി എസ്, ജഗന്നാഥ് പി വി, സത്യജിത് എം പി

കെ എസ് ആർ ടി സിയിലെ ഇരിപ്പിടങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു

കാസർകോട് കെ എസ് ആർ ടി സി ഡിപ്പോയിൽ യാത്രക്കാർക്ക് വിശ്രമിക്കാൻ തയ്യാറാക്കിയ ഇരുമ്പു കസേരകൾ തുരുമ്പെടുത്ത് നശിച്ച നിലയിൽ

കാസർകോട്: യാത്രക്കാർക്ക് വിശ്രമിക്കാൻ ഒരുക്കിയ ഇരിപ്പിടം തുരുമ്പെടുത്ത് നശിച്ച് അപകടകെണിയൊരുക്കുന്നു.

കാസർകോട് കെ എസ് ആർ ടി സി ഡിപ്പോയിലാണ് യാത്രക്കാർക്ക് വിശ്രമിക്കാൻ തയ്യാറാക്കിയ ഇരുമ്പു കസേരകൾ തുരുമ്പെടുത്ത് നശിക്കുന്നത്. കസേരകളുടെ കൈവരിയാണ് തുരുമ്പെടുത്ത് ദ്രവിച്ച് അപകടക്കെണിയൊരുക്കുന്നത്. ഏതാണ്ട് എല്ലാ ഇരിപ്പിടത്തിന്റെയും അവസ്ഥ ഇതുതന്നെയാണ്. ഇരിപ്പിടത്തിൽ ഇരുന്ന് കൈവരിയിൽ കൈ ഒന്ന് അമർത്തിവെച്ചാൽ കൈക്ക് മുറിവേൽക്കുന്ന സാഹചര്യമാണുള്ളത്. പലർക്കും കൈയിൽ മുറിവേൽക്കുകയും ചെയ്തിട്ടുണ്ട്.

തുരുമ്പെടുത്ത് ദ്രവിച്ച് നശിക്കുന്ന ഇത്തരം ഇരിപ്പിടങ്ങൾ മാറ്റി യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കണമെന്നാണ് യാത്രക്കാരുടെ ആവശ്യം.

ഗുണനിലവാരമില്ലാത്ത ഗ്രോബാഗ് വിതരണം ചെയ്തുവെന്ന് പരാതി

മഞ്ചേശ്വരം: ഗുണനിലവാരമില്ലാത്ത ഗ്രോബാഗ് വിതരണം ചെയ്തുവെന്നാരോപിച്ച് ജില്ലാ കിസാൻ രക്ഷാ സേന അധികൃതർക്ക് പരാതി നൽകി.

മഞ്ചേശ്വരം ബ്ലോക്ക് കൃഷി വകുപ്പ്-കാർഷിക വികസന ക്ഷേമ വകുപ്പ് വിഡി പി പദ്ധതി പ്രകാരം മഞ്ചേശ്വരം-വോർക്കാടി ആഗ്രോ സർവ്വീസ് മുഖേന വിതരണം ചെയ്ത ഗ്രോബാഗ് ഗുണനിലവാരമില്ലാത്തതാണെന്ന് ചൂണ്ടിക്കാട്ടി പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ എന്നിവർക്കാണ് പരാതി നൽകിയത്. മഞ്ചേശ്വരം ബ്ലോക്കിലെ കൃഷിഭവൻ മുഖേന കർഷകരെകൊണ്ട് 500 രൂപ വീതം അടപ്പിച്ചാണ് ഗ്രോബാഗ് വിതരണം ചെയ്തത്. ആവശ്യത്തിന് വളം ചേർക്കാത്ത കല്ലും മണ്ണും മിക്സ് ചെയ്തതും കായ്ഫലം ലഭിക്കാത്ത തൈകളുമാണ് കർഷകർക്ക് നൽകിയതെന്നാണ് പരാതി.

ഇതേ കുറിച്ച് അന്വേഷണം നടത്തണമെന്നും, ഇത്തരം ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും കിസാൻ രക്ഷാ സേന നൽകിയ പരാതിയിൽ ആവശ്യപ്പെട്ടു. പരാതിയുടെ കോപ്പി കൃഷി മന്ത്രിക്കും ജില്ലാ കലക്ടർക്കും അയച്ചു കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിജിലൻസിനും പരാതി നൽകിയിട്ടുണ്ട്.

തുടർച്ചയായി 20 വർഷം ജനപ്രതിനിധിയായി പ്രവർത്തിച്ച ആനന്ദ കെ മൗവ്വാറിന് ഉപഹാരം നൽകുന്നു

ആനന്ദ് കെ മൗവ്വാറിനെ ആദരിച്ചു

കുമ്പഡാജെ: കുമ്പഡാജെ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും തുടർച്ചയായി 20വർഷക്കാലം ജനപ്രതിനിധിയായി പ്രവർത്തിച്ച ആനന്ദ് കെ മൗവ്വാറിന് കുമ്പഡാജെ യൂത്ത് കോൺഗ്രസ് കമിറ്റിയുടെ ഉപഹാരം ഡി.സി.സി ജനറൽ സെക്രട്ടറി എം. സി പ്രഭാകരൻ നൽകി ആദരിച്ചു. വിശ്വനാഥ റായ് ആധ്യക്ഷം വഹിച്ചു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് വാരിജാക്ഷൻ, മണ്ഡലം പ്രസിഡന്റ് പ്രസാദ് ഭണ്ഡാരി, ബി. കരുണാകരൻ നമ്പിയാർ, അബ്ദുല്ല കുഞ്ഞി, വിവിയൻ, സിദ്ദീഖ്, അഷ്റഫ് ഖാദർ കെ, അശോക്, ഗണേഷ്, നാരായണ മൂല്യ എന്നിവർ സംബന്ധിച്ചു. വാർഡ് യുഡിഎഫ് സ്ഥാനാർത്ഥി എലിസബത്ത് ക്രസ്റ്റാ സ്വാഗതവും രമേശ് നന്ദിയും പറഞ്ഞു.

ജീവിതശൈലി രോഗത്തേയും കോവിഡിനേയും ചെറുക്കാൻ വ്യായാമം കൈവിടരുതെന്ന് ജില്ലാ കലക്ടർ

കാസർകോട് : വർദ്ധിച്ചു വരുന്ന ജീവിതശൈലി രോഗത്തേയും കോവിഡിനേയും ചെറുക്കാൻ വ്യായാമം കൈവിടരുതെന്ന് ജില്ലാ കലക്ടർ ജി സജിത്ത് ബാബു . ലോക പ്രമേഹരോഗ ദിനത്തിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ, കാസർകോട് റോട്ടറി ക്ലബ്ബ്,ഇൻഡ്യൻ അക്കാദമി പീഡിയാട്രീക്സ്,എന്നിവർ സംയുക്തമായി സംഘടിപ്പിച്ച പ്രമേഹ രോഗ ദിന റാലി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ഡോ.സി എച്ച് ജനാർദ്ധന നായക്ക് അധ്യക്ഷനായി.

ഐ എം എ പ്രസിഡന്റ് ഡോ. ബി നാരായണ നായക്ക് മുഖ്യപ്രഭാഷണം നടത്തി. പുതിയ ബസ് സ്റ്റാൻഡിൽ നിന്നാരംഭിച്ച റാലി പഴയ ബസ് സ്റ്റാൻഡ് ഗവ. ജനറൽ ആശുപത്രി വരെയും തിരികെയും നടന്ന് പുതിയ ബസ് സ്റ്റാൻഡിൽ സമാപിച്ചു .ഐ എം എ കാസർകോട് സെക്രട്ടറി ഡോ രാകേഷ്, റോട്ടറി അസിസ്റ്റൻഡ് ഗവർണർ ടി പി യൂസഫ് , കെ. ദിനകർ റൈ, ഡോ. രേഖ റൈ, എം രൂപശ്രീ, ഹിമജ, ഡോ. നബീസ, ഡോ. എസ് ജ്യോതി, ഡോ. കാസിം, ഡോ. നൗഫൽ, കെ. ചന്ദ്രശേഖര, ചന്ദ്രകാന്ത്,സതീഷ് എന്നിവർ നേതൃത്വം നൽകി. ഐ എ പി പ്രസിഡൻറ് ഡോ. ജിതേന്ദ്ര റൈ സ്വാഗതവും അശോകൻ കുണിയേരി നന്ദിയും പറഞ്ഞു.

പെട്ടിക്കടക്ക് തീവെച്ച സംഭവത്തിൽ അന്വേഷണം ഊർജ്ജിതമാക്കി

കാഞ്ഞങ്ങാട്: ചെമ്മട്ടംവയലിൽ ബല്ല ഈസ്റ്റ് ഗവ. ഹയർസെക്കന്ററി സ്കൂളിന് സമീപം പ്രവർത്തിക്കുന്ന പെട്ടിക്കടക്ക് തീയിട്ടസംഭവത്തിൽ പൊലീസ് അന്വേഷണം ഊർജ്ജിതമാക്കി.

നെല്ലിക്കട്ട രത്നാകരന്റെ ഉടമസ്ഥതയിലുള്ളതാണ് പെട്ടിക്കട. കോവിഡ് ആയതിനാൽ ഏതാനും മാസമായി പെട്ടിക്കട തുറന്നിരുന്നില്ല. തിങ്കളാഴ്ച മുതൽ കച്ചവടം ആരംഭിക്കുന്നതിന് കട പുതുക്കി വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് തീപിടുത്തം അറിയുന്നത്.

പരിസരവാസികളാണ് തീയണച്ചത്. സംഭവത്തിൽ പൊലീസ് കേസെടുത്ത് അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. പെട്ടിക്കട കത്തിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് വഴിയോര വ്യാപാര സ്വയം തൊഴിൽ സമിതി (സി ഐ ടി യു) ജില്ലാ സെക്രട്ടറി എം ആർ ദിനേശൻ ആവശ്യപ്പെട്ടു.